LIBRARY ARCHIVES Kerala Legislative Assembly

മണ്ണന്തല ഗവ. പ്രസ്സിലെ ജീവനക്കാരുടെ ശമ്പള കണക്ക്

143 [1830] ശ്രീ. സി. ടി. അഹമ്മദ് അലി:
„ വി. കെ. ഇബ്രാഹിം കുഞ്ഞ്:
„ ഇ. ടി. മുഹമ്മദ് ബഷീർ:
„ സി. മോയിൻകുട്ടി:
„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണന്തല ഗവ. പ്രസ്സിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് 1995-96, 1996-97, 1997-98, 1998-99, 1999-2000, 2000-2001 എന്നീ ഓരോ സാമ്പത്തിക വർഷങ്ങളിലും അലവൻസുൾപ്പെടെ ശമ്പള ഇനത്തിലും ഓവർടൈം അലവൻസ് ഇനത്തിലും നൽകിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഓരോ വർഷവും ശരാശരി എത്ര സാങ്കേതിക വിഭാഗം ജീവനക്കാർക്ക് വീതമാണ് ഓവർടൈം അലവൻസ് നൽകിയത്;

(സി) മണ്ണന്തല പ്രസ്സിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ഓവർടൈം അലവൻസ് ഇനത്തിൽ ഇനി എന്ത് തുക നൽകാനുണ്ട് എന്ന് അറിയിക്കുമോ;

(ഡി) ഈ ജീവനക്കാർക്ക് ഇപ്പോൾ ഓവർടൈം അലവൻസ് നൽകാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) ഓവർടൈം കുടിശ്ശിക ഉടനെ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മണ്ണന്തല ഗവ. പ്രസ്സിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് 1995-96, 1996-97, 1997-98, 1998-99, 1999-2000, 2000-2001 എന്നീ സാമ്പത്തിക വർഷങ്ങളിൽ അലവൻസുൾപ്പെടെ, ശമ്പളയിനത്തിലും ഓവർടൈം അലവൻസ് ഇനത്തിലും നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

വർഷം	ശമ്പളയിനത്തിൽ	ഓവർടൈം അലവൻസ് ഇനത്തിൽ
1995-96	84,02,152	72,88,124
1996-97	94,44,127	81,50,112
1997-98	1,08,07,129	88,50,895
1998-99	1,19,05,167	86,41,889
1999-2000	1,86,34,951	1,14,80,556
2000-2001	1,86,31,000	35,65,913

(ബി) ഓരോ വർഷവും ശരാശരി 160 സാങ്കേതിക വിഭാഗം ജീവനക്കാർക്ക് വീതമാണ് ഓവർടൈം അലവൻസ് നൽകിയത്.

(സി) മണ്ണന്തല ഗവ. പ്രസ്സിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ഓവർടൈം ഇനത്തിൽ ഇനി 9,24,275 രൂപ നൽകാനുണ്ട്.

(ഡി) മണ്ണന്തല ഗവ. പ്രസ്സിൽ രണ്ടാമത് ഷിഫ്റ്റ് തുടങ്ങാനായി 118 തസ്തികകൾ സൃഷ്ടിച്ചത് അവിടത്തെ ജീവനക്കാർക്ക് ഒരു സാഹചര്യത്തിലും ഓവർടൈം നൽകരുതെന്ന വ്യവസ്ഥയിലാണ്.

(ഇ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

6-2-2004-ലെ നക്ഷത്രചിഹ്നമിടാത്ത 1674, 1675, 1676, 1678, 1683, 1686, 1690, 1700, 1701, 1702, 1703, 1705, 1715, 1716, 1817 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly